**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 747** **09-08-2023 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത വീടുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.<br>**പ്രസ്തുത ലിസ്റ്റ്**<br>വീട്ടുനമ്പർ 10/132 – ഗംഗാധരൻ കെ.എം. (കൽക്കുഴി)<br>വീട്ടുനമ്പർ 10/67 – തോമസ് (പത്തിപ്പാറ – പൊതുമേട്)<br>വീട്ടുനമ്പർ 10/65 – ലിജ്ജു ജോർജ്ജ് (പത്തിപ്പാറ – പൊതുമേട്)<br>വീട്ടുനമ്പർ 10/71 - ജെയിംസ് ജോസഫ് (പത്തിപ്പാറ - പൊതുമേട്) |
| (ബി) | പ്രസ്തുത വീടുകൾക്ക് വൈദ്യുതി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | 2017 ൽ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വനം വകുപ്പ് അനുമതിക്കായി പരിവേഷ് ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്ത പാലക്കുഴി പ്രദേശത്തെ 19 കുടുംബങ്ങളിൽ 4 പേർ ഒഴിച്ച് എല്ലാവർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. നിലവിൽ ഉള്ള നാല് പേരിൽ ഗംഗാധരൻ കെ.എം., ജെയിംസ് ജോസഫ് എന്നിവർക്ക് സർവ്വീസ് വയർ ഉപയോഗിച്ചും ബാക്കി രണ്ടു പേർക്ക് OH ലൈൻ വലിച്ചും വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയുമെന്ന അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.വനം വകുപ്പ് അനുമതിയ്ക്കായി കിഴക്കഞ്ചേരി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ DFO ഓഫീസുമായി ബന്ധപ്പെട്ട വരുന്നു. ആയതിന്റെ അനുമതി ലഭിക്കുന്നത് അനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. |
| (സി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ശേഷം ആലത്തൂർ മണ്ഡലത്തിൽ പുതുതായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ? | (സി) | ആലത്തൂർ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ശേഷം 6069 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകർക്കെല്ലാം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ